# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3215** **13.10.2011 ലെ മറുപടിക്ക്**

***ജനകീയ കമ്മിറ്റികൾക്ക് അഡ്വാൻസ് തുക***

| | **ചോദ്യം** | **ഉത്തരം** |
|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |
| എ. | എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ ജനകീയ കമ്മിറ്റികൾക്ക് അഡ്വാൻസ് തുക നൽകുന്നുണ്ടോ; | എം.എൽ.എ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ രേഖയുടെ ഖണ്ഡിക 2.8 പ്രകാരം കോൺട്രാക്ടർമാർക്കും വിതരണക്കാർക്കും ഒരു തരത്തിലുമുള്ള അഡ്വാൻസും നൽകാൻ പാടില്ല. എന്നാൽ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ് ഫോർഡ്, ഊരാലുങ്കൽ ലേബർ കോ ഓപ്പറേറ്റീവ് സൊസൈറ്റി, പിണറായി ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി എന്നിവയ്ക്കും കേരള ജല അതോറിറ്റി, കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയ്ക്കും ചില നിബന്ധനങ്ങൾക്ക് വിധേയമായി അഡ്വാൻസ് അനുവദിക്കാറുണ്ട്. എന്നാൽ നിലവിൽ ജനകീയ കമ്മിറ്റികൾക്ക് അഡ്വാൻസ് നൽകാറില്ല. |
| ബി. | ഇല്ലെങ്കിൽ പി.ടി.എ കമ്മിറ്റികൾ പോലുള്ള കമ്മിറ്റികൾക്ക് പ്രവൃത്തി എഗ്രിമെന്റ് വെച്ചതിനു ശേഷം അഡ്വാൻസ് തുക നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ